(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ലോക്കൽ പോലീസിന്റെ അന്വേഷണം അപര്യാപ്തമെന്നു കണ്ടാൽ പരിഗണിക്കുന്നതാണ്.
(എഫ്) അനാസ്ഥ കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനാസ്ഥ ഉണ്ടായിട്ടുണ്ടെന്ന് തെളിഞ്ഞാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർക്ക് നേരെ നടന്ന ലാത്തിച്ചാർജ്

711. [1149] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 19-6-1986-ൽ കൊല്ലത്തുവച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർക്ക് നേരെ നടന്ന ലാത്തിച്ചാർജിനെപ്പറ്റി അന്വേഷിക്കാൻ നിയുക്തമായ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചോ ;
(ബി) കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ ;
(സി) ഉണ്ടെങ്കിൽ എന്നുവരെ നീട്ടിയിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) 19-3-1987 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വൽസയുടെ കൊലപാതകം

712 [1154] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കണ്ണംപ്രക്കൊണ്ടിയിൽ വൽസ എന്ന സ്ത്രീയുടെ കൊലപാതകത്തോടനുബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ ഏതു വകുപ്പനുസരിച്ചാണ് കേസ് ചാർജ് ചെയ്തിട്ടുള്ളതെന്നും ഈ കേസിൽ ആരാണ് പ്രതികളെന്നും വ്യക്തമാക്കാമോ ;
(സി) ഈ കേസിനെ സംബന്ധിച്ച് ആരിൽ നിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;
(ഡി) ഉണ്ടെങ്കിൽ ആരിൽ നിന്നുമാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്.
(ബി) ഐ. പി. സി. 495 (എ) വകുപ്പു അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മരിച്ച വൽസയുടെ ഭർത്താവ് ചന്ദ്രനാണ് പ്രതി.
(സി) ഉണ്ട്.
(ഡി) ആൾ ഇന്ത്യ സ്വതന്ത്ര മഹിളാ അസോസിയേഷൻ സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly